ഉത്തരം

(എ, ബി) പത്തനംതിട്ട ജില്ലയിൽ തിരുവല്ല–മല്ലപ്പള്ളി റോഡിൽ കി.മീ. 10/0 ലും 10/400 ലുമുള്ള കലുങ്കുകൾ ആയിരിക്കണം പ്രസ്തുത ചെറിയ പാലങ്ങൾ എന്ന് കരുതുന്നു. അവ അപകടാവസ്ഥയിലല്ല. ഈ കലുങ്കുകളിൽകൂടി ഇപ്പോഴും വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. എന്നിരുന്നാലും പഴക്കം ചെന്ന ഈ കലുങ്കുകൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലുങ്കൽകടവ് പാലത്തിന്റെ എസ്റ്റിമേറ്റ്

409 [444] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലാട്–പരുത്തുംപാറ റോഡിലുള്ള കല്ലുങ്കൽ കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായിക്കഴിഞ്ഞോ;

(ബി) എങ്കിൽ തുക എത്ര;

(സി) റോഡിന്റെ പണി പൂർത്തിയാകുന്ന സ്ഥിതിക്ക് പാലത്തിന്റെ പണി എത്രയുംവേഗം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പാലത്തിന്റെ ഡിസൈൻ പൂർത്തിയായിട്ടില്ല. ഡിസൈനും മറ്റ് നടപടിക്രമങ്ങളും പൂർത്തിയായ ശേഷമേ പണി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. അതിനാൽ പാലത്തിന്റെ പണി ഉടനെ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

വളപട്ടണം പാലത്തിന്റെ നിർമ്മാണച്ചെലവ്

410 [445] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പാലത്തിന്റെ നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പാലത്തിന്റെ ചുങ്കം പിരിവിൽ 1986 മേയ് മാസം 31 വരെ എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(സി) എത്രവർഷക്കാലം ഇനിയും ചുങ്കം പിരിക്കേണ്ടിവരുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വളപട്ടണം പാലത്തിന്റെ നിർമ്മാണത്തിന് 243 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ ചുങ്കം പിരിവിൽ 1986 മേയ് 31 വരെ 168 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(സി) ഇനിയും മൂന്നുവർഷം കൂടിയെങ്കിലും ചുങ്കം പിരിക്കേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly